ഉത്തരം

കേരള അക്വാ വെഞ്ചേഴ്സ് ഇന്റർനാഷണൽ ലിമിറ്റഡ് (കാവിൽ) ഒരു പബ്ലിക് ലിമിറ്റഡ് കമ്പനിയായാണ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. ഈ കമ്പനി അലങ്കാര മത്സ്യങ്ങളുടെ കയറ്റുമതി 2010 ഏപ്രിൽ മാസം ആരംഭിച്ചു തുടങ്ങിയിട്ടേയുള്ളൂ. ഇതിൽ നിന്നുള്ള വരുമാനം കമ്പനിയുടെ കണക്കിലേക്കാണ് വകകൊള്ളിക്കുന്നത്. കമ്പനിയിൽ സർക്കാർ നിക്ഷേപിച്ചിരിക്കുന്ന ഷെയറിന്റെ അടിസ്ഥാനത്തിലുള്ള ഡിവിഡന്റാണ് സർക്കാർ ഖജനാവിലേക്ക് ലഭിക്കുന്നത്. ആയത് കമ്പനിയുടെ വാർഷിക കണക്കുകൾ പൂർത്തിയാക്കുമ്പോൾ മാത്രമേ നിശ്ചയിച്ചു ലഭ്യമാകുകയുള്ളൂ.

ഉൾനാടൻ മത്സ്യസമ്പത്ത്

178 (6096) ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഉൾനാടൻ മത്സ്യ സമ്പത്ത് കുറയുന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ട് വെളിപ്പെടുത്തുമോ?

ഉത്തരം

ജലാശയങ്ങളുടെ ആവാസവ്യവസ്ഥയ്ക്ക് ഭംഗം വരുത്തുന്ന ഘടകങ്ങളെക്കുറിച്ചും അവ ഉൾനാടൻ മത്സ്യസമ്പത്ത് കുറയുന്നതിന് കാരണം ആകുന്നുണ്ടോ എന്നത് സംബന്ധിച്ചുമുള്ള ഒരു പഠനം ഫിർമവഴി ആരംഭിച്ചിട്ടുണ്ട്.

വിദഗ്ധ കമ്മീഷനുകളുടെയും സമിതികളുടെയും ശുപാർശകൾ

179 (6097) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഉൾനാടൻ മത്സ്യമേഖലയിലെ വിവിധ പ്രശ്നങ്ങൾ പഠിക്കുവാൻ നാളിതുവരെ എത്ര വിദഗ്ധ കമ്മീഷനുകളെയും സമിതികളെയും കേന്ദ്ര സംസ്ഥാന സർക്കാരുകൾ നിയോഗിച്ചിട്ടുണ്ട്; വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ;

(ബി) എല്ലാ കമ്മീഷനുകളും സമിതികളും റിപ്പോർട്ടുകളും ശുപാർശകളും സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ;

(സി) പ്രസ്തുത ശുപാർശകളിന്മേൽ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേരളത്തിലെ ഉൾനാടൻ മത്സ്യമേഖലയിലെ വിവിധ പ്രശ്നങ്ങൾ പഠിക്കുവാൻ 5 കമ്മിറ്റികളെ നിയോഗിച്ചിട്ടുണ്ട് വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly